ക്രൂരത കാട്ടാതാക്കുന്നതിനും രുക്മണീദേവി സ്ഥിരമായി പ്രവർത്തിച്ചുവന്നു. സസ്യഭക്ഷണപ്രസ്ഥാനത്തിന്റെ ലോകനേതാക്കളിലൊരാളായിരുന്നു രുക്മിണീദേവി. രണ്ടു തവണ അവർ രാജ്യസഭാംഗമായിരുന്നിട്ടുണ്ട്. ജനതാഭരണ കാലത്ത്, 1977–ൽ, ഇന്ത്യയുടെ രാഷ്ട്രപതിസ്ഥാനത്തേക്ക് രുക്മിണീദേവിയുടെ പേർ അന്ന് പ്രധാനമന്ത്രിയായിരുന്ന മൊറാർജിദേശായി നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ, ഒരു തെരഞ്ഞെടുപ്പുമത്സരത്തിന് താനില്ലെന്നു പറഞ്ഞ് രുക്മിണീദേവി പിൻവലിയുകയാണുണ്ടായത്. ഇന്ത്യാഗവണ്മെന്റ് അവർക്ക് പത്മഭൂഷണബിരുദവും രവീന്ദ്രഭാരതി സർവകലാശാല ഡി. ലിറ്റ് ബിരുദവും നല്കിയിട്ടുണ്ട്.

സമകാല ഭാരതീയജീവിതത്തിന് സൗന്ദര്യവും വൈവിധ്യവും ഉജ്ജ്വലതയും നൽകിപ്പോന്ന ഒന്നായിരുന്നു രുക്മിണീദേവിയുടെ ജീവിതം. ഭാരതീയ നൃത്യകലയുടെ പുനരുജ്ജീവനത്തിന് രുക്മിണീദേവി നൽകിയ സേവനത്തെ കലാപ്രണയികൾ എന്നും കൃതജ്ഞതയോടെ അനുസ്മരിക്കാതിരിക്കുകയില്ല.

6 മാർച്ച്, 1986

# 66. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്

എനിക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോഴാണ്, പിടിക്കപ്പറമ്പ് അമ്പലത്തിൽ മൂന്നുകൊല്ലത്തിലൊരിക്കൽ പതിവുള്ള ഓത്തൂട്ട് നടക്കുന്നു. യജുർവ്വേദം വിസ്തരിച്ച് ചൊല്ലലും, നമ്പൂതിരിമാർക്ക് ചതുർവ്വിധമായ സദ്യ നൽകലും. ഇതാണ് ഓത്തൂട്ട്. നാൽപ്പത്തൊന്നു ദിവസമാണെന്നു തോന്നുന്നു, ഇടയ്ക്ക് 'വലിയ ഓത്തൂട്ട്' ഉണ്ടാവും. അന്ന് വലിയ ഘോഷമായിരിക്കും. വേദ ചൊല്ലുന്ന ആളുടെ ചുറ്റും ആളുകൾ ഇരുന്ന് കൈകൊട്ടി ആർത്തും കൂക്കിവിളിച്ചും ചൊല്ലൽ തെറ്റിക്കാൻ ശ്രമിക്കും. ഒടുക്കം കെങ്കേമമായ സദ്യയും ഉണ്ടാവും.

എന്റെ അച്ഛന്റെ കുടുംബക്കാർക്കാണ് പിടിക്കപ്പറമ്പിൽ കഴകം. അതിനാൽ ഞാൻ മിക്കവാറും അവിടെയായിരുന്നു താമസം. ഒരു 'വലിയ ഓത്തൂട്ട്' ദിവസം സന്ധ്യക്ക് അമ്പലത്തിൽ വലിയ ബഹളം കണ്ടു. വേദംചൊല്ലൽ നിലച്ചു. കോൺഗ്രസുകാർ വന്നിരിക്കുന്നു. ചാക്കുപോലെയുള്ള ഖദർമുണ്ട് വിൽക്കാനാണ്. ജയിലിൽ പോയവരും ഉണ്ട്. അവർ ഓത്തൂട്ട് മുടക്കുമോ? 'അയിത്ത'ക്കാരെ അമ്പലത്തിൽ കടത്തുമോ? അതൊന്നും ഉണ്ടായില്ല. തങ്ങളുടെ ചരക്ക് പ്രദർശിപ്പിച്ച് കുറേ സംസാരിച്ചശേഷം അവർ സമാധാനപരമായി സ്ഥലംവിട്ടു. ഈ ഖദർ വിൽപ്പനക്കാരുടെ തലവൻ കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാട് ആയിരുന്നു.

1942 ഒക്ടോബറിലോ നവംബറിലോ ആണ് 'സ്വതന്ത്രഭാരതം' എന്ന സമരപത്രം അച്ചടിച്ച കടകിലെ പ്രസ്സ് പോലീസ് പൂട്ടി മുദ്രവെച്ചു. ഒളിവിൽ ഒരു പ്രസ്സ് തുടങ്ങിയേ കഴിയൂ. പ്രൊഫസർ എ. ചന്ദ്രഹാസന്റെ ഒത്താശയോടെ ഞാൻ ഒരാഴ്ച എറണാകുളത്തെ സനാതനധർമം പ്രസ്സിൽച്ചെന്ന് കമ്പോസിങ് പഠിച്ചു. അച്ചുകൾ നിരത്താനും ഫാറം കെട്ടാനും ഒരു ഹാൻഡ് പ്രസ്സിൽ അതു് അച്ചടിച്ചെടുക്കാനും ഇത്രയും പരിശീലനം മതി; ഇനി ഒരു പ്രസ്സ് ഉണ്ടാക്കണം. തൃശ്ശൂർ കുറുപ്പംറോ

ഡിലുള്ള കറൂർ നമ്പൂതിരിപ്പാടിന്റെ വസതിയിൽ ചെന്നാൽ ടൈപ്പ് കിട്ടും എന്നായിരുന്നു എനിക്ക് നൽകപ്പെട്ട നിർദേശം. റേഷൻ വാങ്ങാൻ ഉപയോഗിക്കുന്ന തരം ഒരു സഞ്ചിയിൽ അഞ്ചോ ആറോ പ്രാവശ്യമായി ഞാൻ ആവശ്യമുള്ളത്ര ടൈപ്പ് തൃശ്ശൂരിൽനിന്ന് കോഴിക്കോട്ടേക്കു കൊണ്ടുപോന്നു. വഴിക്ക്, പട്ടാമ്പിയിൽവെച്ച് ഒരു പരിചിതൻ ഒരിക്കൽ എന്നോട് ചോദിച്ചു, സഞ്ചിയിൽ എന്താണെന്ന്. ആര്യവൈദ്യശാലയിൽ മരുന്നുണ്ടാക്കാൻവേണ്ടി ഇരുമ്പുപൊടി വാങ്ങിക്കൊണ്ടു പോവുകയാണെന്ന് പെട്ടെന്ന് ഞാൻ മറുപടി നൽകി. കോഴിക്കോട് അടുത്ത് ഒരിടത്ത് ഈ പ്രസ്സ് ഞങ്ങൾ തട്ടിക്കൂട്ടിയുണ്ടാക്കി. എങ്കിലും അതും പോലീസ് പിടിച്ചെടുത്തുപോയി.

1950–ൽ ഞാൻ തൃശ്ശൂർ കേരളവർമ കോളേജിൽ അധ്യാപകനായിരുന്നു. മാതൃഭൂമി പത്രാധിപരായിരുന്ന വി. എം. നായരുടെ നിർദേശമനുസരിച്ച് 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ന്റെ ചുമതല ഏറ്റെടുക്കുവാൻ പ്രേരിപ്പിച്ചുകൊണ്ട് അന്ന് മാതൃഭൂമി കമ്പനിയുടെ മാനേജിങ് ഡയറക്ടറായിരുന്ന കറൂർ നമ്പൂതിരിപ്പാട് രണ്ടോ മൂന്നോ തവണ ചങ്ങരംകുളങ്ങരയിലുള്ള എന്റെ വീട്ടിൽ വരുകയുണ്ടായി. ആവശ്യപ്പെട്ടാൽ ഞാൻ അദ്ദേഹത്തെ അങ്ങോട്ടു ചെന്നു കാണുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിനടുത്തുള്ള പ്രൊഫസർ പി. ശങ്കരൻനമ്പ്യാരുടെ വീട്ടിൽ ഞാൻ ഇടയ്ക്കിടെ പോകാറുണ്ട്. പക്ഷേ, അതിനു കാത്തിരിക്കുന്നതല്ലല്ലോ നമ്പൂതിരിപ്പാടിന്റെ പ്രകൃതം. ഒരു സംഗതി ചെയ്യണമെന്നു വന്നാൽ അദ്ദേഹം ഉടൻ അതു ചെയ്യും. അങ്ങനെ എന്നെ ഒരു മുഴുസമയ പത്രപ്രവർത്തകനാക്കി മാറ്റിയത് നമ്പൂതിരിപ്പാടാണ്.

എന്റെ പത്രപ്രവർത്തനം എപ്പോഴെങ്കിലും നമ്പൂതിരിപ്പാടിന് ഇഷ്ടപ്പെട്ടുവോ ആവോ! അതിനെപ്പറ്റി എന്നോട് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ, ചിലപ്പോഴൊക്കെ അദ്ദേഹം അതിൽ അത്യന്തം അസന്തുഷ്ടനായിരുന്നു. താൻ പ്രിന്ററും പബ്ലിഷറും ആയ ഒരു പത്രത്തിൽ വന്നു കാണാൻ അദ്ദേഹം ആഗ്രഹിക്കാതിരുന്ന പലതും ഞാൻ അതിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പലപ്പോഴും അദ്ദേഹം എന്റെ ദുസ്വാതന്ത്ര്യത്തിൽ വളരെ കോപിച്ച് വി. എം. നായർക്കും കേശവമേനോനും എഴുതിയിട്ടുണ്ട്. ആ കത്തുകളൊക്കെ വായിച്ചുനോക്കാൻ അവർ എനിക്ക് അയച്ചുതരുമായിരുന്നു. എനിക്ക് അവ രസത്തിനും—മറ്റുള്ളവരുടെ ശുണ്ഠി കാണുമ്പോൾ നമുക്കുണ്ടാവുന്ന രസമില്ലേ, അത്തരം രസത്തിന്—അല്പമൊരു വാശിക്കുംമാത്രമേ കാരണമായിട്ടുള്ളൂ. കേരളസംസ്ഥാനത്തിൽ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റതിനെത്തുടർന്ന് ഡോക്ടർ കെ. പി. കരുണാകരൻ എഴുതിയ 'കേരളത്തിൽ ഒരു പുതിയ അധ്യായം' എന്ന ലേഖനമാണ്, ഇങ്ങനെ കറൂർ നമ്പൂതിരിപ്പാടിനും മറ്റു പലർക്കും പിടിക്കാതെ വന്ന ഒന്ന്. വിമോചനസമരത്തിനു തൊട്ടുമുമ്പ് ആഴ്ചപ്പതിപ്പിൽ തുടർച്ചയായി ചേർക്കാൻ തുടങ്ങിയ ഇ. എം. എസ്സിന്റെ റഷ്യൻ യാത്രയെ സംബന്ധിച്ച ലേഖനപരമ്പരയാണ് മറ്റൊന്ന്. ഇതുപോലെയുള്ള അവസരങ്ങളിൽ ഞങ്ങൾതമ്മിൽ കാണുമ്പോൾ പക്ഷേ, നമ്പൂതിരിപ്പാട് പ്രത്യേകിച്ചൊന്നും പറയാറില്ല. പത്രാധിപക്ക് എഴുതിയതോടെ തന്റെ ബാധ്യത തീർന്നു എന്ന നിലയായിരുന്നു അദ്ദേഹത്തിന്.

മാതൃഭൂമി കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടറായിരിക്കുമ്പോഴും അദ്ദേഹം തീവണ്ടിയിൽ മൂന്നാം ക്ലാസ്സിലേ (അന്ന് മൂന്നാം ക്ലാസ്സുണ്ടായിരുന്നു) സഞ്ചരിക്കൂ. സീററ് മുൻകൂട്ടി റിസർവ്വ് ചെയ്യാറില്ല. ലഗേജ് വെക്കാനുള്ള റാക്കിൽ കയറി കിടന്നുറങ്ങും. ഈ 'എളിമ'യെപ്പററി പറഞ്ഞ് ഞങ്ങൾ പലപ്പോഴും അദ്ദേഹത്തെ കളശൽക്കൂട്ടാറുണ്ട്. അദ്ദേഹത്തിന്റെ 'പ്രകൃതിചികിത്സ'യായിരുന്നു, അദ്ദേഹത്തെ കളിയാക്കാൻ എന്നും വക നൽകിയിരുന്ന മറെറാരു വിഷയം.

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ അച്ചടി തിരുവനന്തപുരത്തേക്കു മാററുമ്പോൾ, 1980 ഒക്ടോബറിൽ ആണെന്നു തോന്നുന്നു, പ്രിൻററും പബ്ലിഷറുമായിരുന്ന നമ്പൂതിരിപ്പാടിന്റെ പേരു് മാററി വി. പി. രാമചന്ദ്രന്റെ പേരു് ചേർക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി കോഴിക്കോട്ടെത്തിയ നമ്പൂതിരിപ്പാടിന്റെകൂടെ ഞാനും കോഴിക്കോട്ട് കളക്ടറേററിലേക്കു പോയി. നമ്പൂതിരിപ്പാടിന്റെ കാഴ്ച അന്നേക്ക് മിക്കവാറും നഷ്ടപ്പെട്ടിരുന്നു. കേൾവി ഏറെക്കുറെയും. എന്നിട്ടും അദ്ദേഹം ഉത്സാഹഭരിതനായിരുന്നു. തിരുവനന്തപുരത്തേക്ക് വേണമെങ്കിൽ, താൻ തനിയെ പോകാമെന്ന് അദ്ദേഹം ഞങ്ങളോടു പറഞ്ഞു. ആയിടെ അദ്ദേഹം വായിച്ച ഒരു പുസ്തകത്തിൽ ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നനെപ്പററി എന്തോ പരാമർശമുണ്ടായിരുന്നു. പ്രദ്യുമ്നനെ സംബന്ധിച്ച് പുരാണങ്ങളിലുള്ള വിവരങ്ങൾ മുഴുവൻ സംഗ്രഹിച്ച് തനിക്ക് എഴുതി അയയ്ക്കണമെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. പ്രദ്യുമ്നനെപ്പററി എന്തോ എഴുതാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. താനിനിയും ഏതാനും കൊല്ലങ്ങൾകൂടി ജീവിച്ചിരിക്കുമെന്ന വിശ്വാസവും അന്ന് അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി.

നമ്പൂതിരിപ്പാട്, കേശവമേനോൻ, കേളപ്പൻ, ദാമോദരമേനോൻ, എം. കെ. രാജാ, വി. എം. നായർ, കുഞ്ഞപ്പനായർ, ടി. പി. സി. കിടാവ്, മാധവനാർ, പി. കെ. രാമൻ, എൻ. പി. ദാമോദരൻ, വി. എ. കേശവൻനായർ, കൃഷ്ണൻനായർ, രാമനുണ്ണി, മാരാർ, ഉദയഭാനു, ചൊവ്വര പരമേശ്വരൻ, കൃഷ്ണൻകുട്ടിനായർ ഇവരോടും മററു പലരോടുമൊപ്പം 'മാതൃഭൂമി കുടുംബ'ത്തിൽ എനിക്കും ഒരു സ്ഥാനം ഉണ്ടാക്കിത്തന്നതു് നമ്പൂതിരിപ്പാടാണ്....അതെല്ലാം ഓർക്കുമ്പോൾ, എന്തിനോ, കൺപീലികൾ നനയുന്നു.

## 67. തകഴി ജ്ഞാനപീഠത്തിൽ...

ഇന്ത്യയിലെ, ഒരുപക്ഷേ, ഏഷ്യയിലെതന്നെ, സാഹിത്യസമ്മാനങ്ങളിൽ ഏററവും ബൃഹത്തായ ജ്ഞാനപീഠപുരസ്കാരം ശ്രീ തകഴി ശിവശങ്കരപ്പിള്ള നേടിയിരിക്കുന്നു. തകഴിയുടെയും, അദ്ദേഹത്തിലൂടെ മലയാള സാഹിത്യത്തിന്റെയും പ്രശസ്തി ഇന്ത്യയിൽ ഒട്ടുക്ക് ഉയരുന്നതിനു് ഈ സംഭവം നിമിത്തമായിട്ടുണ്ട്.

ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം, മഹാകവി ശങ്കരക്കുറുപ്പിനു്,